# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 480

18.11.2019 - ൽ മറുപടിക്ക്.

## അന്ത്യോദയ അന്നയോജന പദ്ധതി ഗുണഭോക്താക്കൾ

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**
**,, സി. കെ. ശശീന്ദ്രൻ**
**,, രാജു എബ്രഹാം**
**,, യു. ആർ. പ്രദീപ് :**

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന്റെ ഭാഗമായി പാവപ്പെട്ട കുടുംബങ്ങൾക്കായി അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും ലഭിക്കുന്ന അരി എത്ര കിലോയാണെന്നും സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്ന അരിയ്ക്ക് കേന്ദ്രസർക്കാർ കിലോഗ്രാമിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) അന്ത്യോദയ അന്നയോജനയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും

അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.
2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.എ.വൈ ഗുണഭോക്താക്കൾക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും ഉൾപ്പെടെ 35 കിലോ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായും 1 കിലോ പഞ്ചസാര സബ്സിഡി നിരക്കിലും നൽകി വരുന്നു. അരി, ഗോതമ്പ് എന്നിവയ്ക്ക് കിലോഗ്രാമിന് യഥാക്രമം 3/- രൂപ, 2/- രൂപ എന്ന നിരക്കിലാണ് കേന്ദ്രസർക്കാർ ഈടാക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | അറുപത്തഞ്ചും അതിന് മുകളിലും പ്രായമുള്ള അഗതികൾക്കായി നടപ്പാക്കി വരുന്ന അന്നപൂർണ്ണ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (ഡി) യും (ഇ) യും | അഗതികളും അശരണരുമായ വൃദ്ധ ജനങ്ങൾക്ക് ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതിനായി കേന്ദ്രസർക്കാർ 2000-ൽ ആവിഷ്കരിച്ച അന്നപൂർണ്ണ പദ്ധതി 01.04.2000 മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രസ്തുത ഗുണഭോക്താവിന് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്. അറുപത്തഞ്ചോ അതിനു മുകളിലോ പ്രായമുള്ള സ്വന്തമായോ കുടുംബാംഗങ്ങളുടേയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളാണ് ഈ പദ്ധതിയിൽ ഗുണഭോക്താക്കളായുള്ളത്. ദേശീയ വയോജന പെൻഷൻ പദ്ധതിയിലോ മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം അപേക്ഷകൻ എന്ന് കേന്ദ്ര സർക്കാർ നിബന്ധന വച്ചിട്ടുണ്ട്. ക്ഷേമ പെൻഷൻ ഉൾപ്പെടെ യാതൊരു പെൻഷനും ലഭിക്കാത്ത ആളായിരിക്കണം ഗുണഭോക്താവ് എന്നാണ് കേന്ദ്ര മാനദണ്ഡം. ഇതനുസരിച്ച് സംസ്ഥാനത്ത് 44980 പേർക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. എങ്കിലും നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം 5726 മാത്രമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയായ 'അഗതി കേരളം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും യാതൊരു വിധ പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്ത ആശ്രയ വിഭാഗക്കാരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു., പദ്ധതി ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കും. |
| (ഇ) | അന്നപൂർണ്ണ പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**